**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4290** **06-03-2023 - ൽ മറുപടിയ്ക്ക്**

**സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം സാമഗ്രികൾ വാങ്ങുമ്പോൾ നിഷ്കർഷിക്കേണ്ട മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം വിദേശ സ്ഥാപനങ്ങളിൽ നിന്നും സാമഗ്രികൾ വാങ്ങുമ്പോൾ സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ, കെ.എം.എസ്.സി.എൽ. അടക്കമുള്ള സംസ്ഥാന സർക്കാർ കമ്പനികൾ എന്നിവ നിഷ്കർഷിക്കേണ്ട മാനദണ്ഡങ്ങൾ വിശദമാക്കാമോ? | (എ) | നിലവിൽ കേന്ദ്രസർക്കാർ ജനറൽ ഫിനാൻഷ്യൽ റൂൾസ് (GFR) 161(iv) - ൽ ഭേദഗതി വരുത്തി, ₹ 200 കോടി വരെയുള്ള ടെൻഡറുകൾക്ക് ആഗോള ടെൻഡർ ക്ഷണിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതിനാൽ ₹ 200 കോടിക്ക് താഴെയുള്ള പർച്ചേസുമായി ബന്ധപ്പെട്ട് ആഗോളടെൻഡർ അനിവാര്യമാകുന്ന സന്ദർഭത്തിൽ അതിന്റെ വ്യക്തമായ ന്യായീകരണം രേഖപ്പെടുത്തി, കേന്ദ്ര സർക്കാർ നിർദ്ദേശിക്കുന്ന ബന്ധപ്പെട്ട അധികാരിയിൽ നിന്ന് ഇളവ് ലഭിക്കുന്നതിന് മുൻകൂർ അനുമതി തേടേണ്ടതാണ്. കൂടാതെ ഇന്ത്യയുമായി കരഅതിർത്തി പങ്കിടുന്ന രാജ്യങ്ങളിൽ നിന്നും നേരിട്ടോ അല്ലാതെയോ ഉള്ള ലേലക്കാരിൽ (bidders) നിന്നുള്ള സാധന/സേവനങ്ങൾ ഉൾപ്പെടെയുള്ള പൊതു സംഭരണത്തിന് 2017 - ൽ കേന്ദ്ര സർക്കാർ നിയന്ത്രണം ഏർപ്പെടുത്തി ജനറൽ ഫിനാൻഷ്യൽ റൂൾസ് (GFR) - ൽ പുതുതായി ചട്ടം 144 (xi) ഉൾപ്പെടുത്തി ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതിൻ പ്രകാരം ഇന്ത്യയുടെ കരഅതിർത്തി പങ്കിടുന്ന രാജ്യങ്ങളിൽ നിന്ന് സാധനങ്ങളോ സേവനങ്ങളോ ക്രയവിക്രയം നടത്തുന്നതിന് മുമ്പ് കേന്ദ്ര വിദേശ, ആഭ്യന്തര മന്ത്രാലയത്തിന്റെ രാഷ്ട്രീയ, സുരക്ഷാ അനുമതി യഥാക്രമം വാങ്ങേണ്ടതുണ്ട്.<br><br>സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 7.19 പ്രകാരം ആവശ്യമായ ഗുണനിലവാരവും സ്പെസിഫിക്കേഷനുകളും ഉള്ള ഉല്പന്നങ്ങൾ/ സാധനങ്ങൾ രാജ്യത്തിനകത്ത് ലഭ്യമല്ലെന്ന് വകുപ്പുകൾക്ക് ബോധ്യപ്പെട്ടാലും, അനുയോജ്യമായ മത്സരാധിഷ്ഠിത നിരക്കുകൾ വിദേശത്തു നിന്നും ലഭ്യമാക്കേണ്ടത് അനിവാര്യമാണെങ്കിലും സ്റ്റോറുകൾ ലഭ്യമാകുന്നതിനുള്ള സാധ്യത കണക്കിലെടുത്ത് വിദേശത്തുള്ള ഇന്ത്യൻ എംബസികൾക്കും, ഇന്ത്യയിലുള്ള വിദേശ എംബസികൾക്കും അതാത് |

| | | | |
|---|---|---|---|
| | | | രാജ്യങ്ങളിൽ ആവശ്യകതയെ സംബന്ധിച്ചുള്ള വ്യാപക പ്രചാരം നല്കുവാൻ അപേക്ഷിച്ചുകൊണ്ട് പർച്ചേസിംങ് വകുപ്പ് ടെണ്ടർ നോട്ടീസിന്റെ പകർപ്പുകൾ അയച്ചുകൊടുക്കുകയും, വെബ്സൈറ്റിൽ ടെണ്ടർ നോട്ടീസ് പ്രസിദ്ധീകരിക്കുവാൻ അപേക്ഷിക്കുകയും ചെയ്യേണ്ടതാണ്. ഖണ്ഡിക 12.6 പ്രകാരം കരാർ തീയതി മുതൽ ഒരു വർഷത്തിൽ കൂടുതൽ വിതരണ കാലയളവ് ആവശ്യമായി വരുന്ന സാഹചര്യങ്ങളിൽ ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് പർച്ചേസിംങ് ഓഫീസർ ഉചിതമായ വിദേശ വിനിമയ നിരക്ക് വ്യതിയാന നിബന്ധന രൂപീകരിച്ച് ടെണ്ടർ അന്വേഷണ രേഖകളിൽ (Tender Enquiry Document) ഉൾപ്പെടുത്തേണ്ടതാണ്. ഖണ്ഡിക 12.6 പ്രകാരം വിദേശ വിതരണക്കാർക്ക് ലെറ്റർ ഓഫ് ക്രഡിറ്റ് മുഖേനയോ, നേരിട്ട് ബാങ്ക് ട്രാൻസ്ഫറിലൂടേയോ നിർദ്ദിഷ്ട രേഖകൾ ലഭ്യമായെന്ന് ഉറപ്പാക്കിയ ശേഷം പർച്ചേസുമായി ബന്ധപ്പെട്ട തുക നൽകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

**GOVERNMENT OF KERALA**
**FINANCE (EXPENDITURE – B) DEPARTMENT**

# CIRCULAR

No.57/2020/FIN Dated, Thiruvananthapuram 06/10/2020

Sub: Amendment in General Financial Rules 2017 – Global Tender Enquiry and Restrictions on public procurement from bidders of certain countries – Adopted by the State Government – reg.

Ref: 1. Ministry of Finance, GOI, OM No:F12/17/2019-PPD dated 15/05/2020 and 28/05/2020.
2. Lr.No.6/18/2019-PPD from Ministry of Finance, Department of Expenditure, GOI dated, 23/07/2020.
3. Order (public procurement 1) MoF, Department of Expenditure, Public Procurement Division, New Delhi dated, 23/07/2020.
4. Order (Public Procurement 2) MoF, Department of Expenditure, Public Procurement Division, New Delhi dated, 23/07/2020.
5. Order (Public Procurement 3) MoF, Department of Expenditure, Public Procurement Division, New Delhi dated, 24/07/2020.

Attention is invited to the reference 1st cited where in Rule 161(iv) of General Financial Rules 2017 was amended specifying that no Global Tenders Enquiry shall be invited for tenders up to Rs.200 Crore. For tenders below Rs.200 Crore in exceptional cases where the Ministry or Department feels that there are special reasons for Global Tender Enquiry, it may record its detailed justification and seek prior approval for relaxation to the above rule from the competent Authority specified by Department of Expenditure, Ministry of Finance, Government of India. Further, restrictions on Global Tender as specified in revised Rule 161 (iv) will be applicable on all procurements including Goods. Non consultancy Services, Consultancy Services and works including turnkey projects. These restrictions are applicable with immediate effect ie., for all tenders published in news papers or websites after 15/05/2020.

As per the reference 2nd cited, it has been informed that

Government of India has amended Rule 144 of GFR 2017 to enable imposition of restrictions on bidders from countries which share a land border with India on grounds of defence of India or matters directly or indirectly related thereto including National security. According to the order referred 3rd above, any bidder from such countries sharing a land border with India will be eligible to bid in any procurement whether of Goods, Services (including consultancy Services and non consultancy services) or works (including turnkey projects)only if the bidder is registered with the Competent Authority. For State Government procurement, the Competent Authority will be constituted by the State but Political and Security clearance from Ministry of External and Home Affairs respectively will be necessary. Government has also exempted countries to which India extends lines of credit or provides assistance from prior registration. Government of India has directed the State Governments to implement the said orders in respect of public procurement done by the State Government and its undertakings and projects.

It is hereby directed that the above rules shall also apply in respect of all procurement done by Government of Kerala and its undertakings including PSUs, local bodies and all agencies controlled by the State Government as well as PPP projects receiving financial support from State Government or its public sector undertakings.

Accordingly all Administrative Secretaries are requested to bring these instructions to the notice of all concerned for strict compliance.

**RAJESH KUMAR SINGH IAS**
**ADDITIONAL CHIEF SECRETARY (FINANCE)**

To

The Accountant General (A&E) , Kerala, Thiruvananthapuram
The Accountant General (Audit II), Kerala, Thiruvananthapuram
The Director of Treasuries, Thiruvananthapuram
All Heads of Departments, PSUs
All Departments of Secretariat (through e-office notice board)
The Nodal Officer, Finance Department (www.finance.kerala.gov.in)
Stock File/Office Copy (E -986100)

Forwarded/By Order

**Accounts Officer**